ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 25.08.2025 TIME : 12.50 PM

# പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫിജി പ്രധാനമന്ത്രി സിറ്റിവേനി റബൂക്കയും ഇന്ന് ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ച നടത്തി.

   Prime Minister Narendra Modi and Fiji Prime Minister Sitiveni Rabuka held bilateral talks in New Delhi today.

2. രണ്ടു ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി ഇന്ന് ഗുജറാത്തിലെത്തും. 5400 കോടിയിലധികം രൂപയുടെ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യും.

   The Prime Minister will arrive in Gujarat today on a two-day visit. He will inaugurate development projects worth over Rs 5400 crore.

3. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ജനപ്രതിനിധികൾക്കെതിരെയുള്ള 130-ാം ഭരണഘടനാ ഭേദഗതി ബില്ലിനെതിരായ പ്രതിഷേധങ്ങൾ ജനാധിപത്യവിരുദ്ധമെന്ന് കേന്ദ്രമന്ത്രി അമിത് ഷാ.

   Union Minister Amit Shah said that the protests against the 130th Constitutional Amendment Bill, against people's representatives involved in crimes, are undemocratic.

4. ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിൽ നാമനിർദേശപത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

The deadline for withdrawal of nominations in the Vice Presidential election ends today.

5. സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ കർശന ജാഗ്രത. രോഗം സ്ഥിരീകരിച്ച പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി.

Strict vigil against amoebic encephalitis in Kerala. Prevention activities have been intensified focusing on areas where the disease has been confirmed.

6. രാജ്യത്തെ വടക്കുപടിഞ്ഞാറൻ മേഖലകളിൽ അടുത്ത രണ്ട് ദിവസത്തേക്ക് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ കേന്ദ്രം .

IMD has predicted possibility of heavy rain in the northwestern regions of the country for the next two days.

******************

## <u>FIJI PM – INDIA VISIT</u>

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫിജി പ്രധാനമന്ത്രി സിറ്റിവേനി റബൂക്കയും ഇന്ന് ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ച നടത്തി. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ഫിജി പ്രധാനമന്ത്രി ഇന്ന് രാവിലെ രാജ്ഘട്ടിൽ മഹാത്മാഗാന്ധി സ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചു. രാഷ്ട്രപതി ദ്രൗപദി മുർമ്മുവുമായും ഫിജി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും.

******************

## <u>PM – GUJARAT</u>

രണ്ടു ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഗുജറാത്തിലെത്തും. വിവിധ മേഖലകളിലായി 5400

കോടിയിലധികം രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനം അദ്ദേഹം നിർവഹിക്കും. നാളെ ഹൻസൽപുരിൽ നടക്കുന്ന പരിപാടിയിൽ 100 രാജ്യങ്ങളിലേക്കുള്ള ഇലക്ട്രിക് വാഹന കയറ്റുമതി പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. ഹരിതോർജ മേഖലയിൽ സ്വയംപര്യാപ്തമാകുന്നതിന്, ലിഥിയം-അയോൺ ഹൈബ്രിഡ് ബാറ്ററി ഇലക്ട്രോഡുകളുടെ പ്രാദേശിക ഉൽപ്പാദനപദ്ധതിക്കും അദ്ദേഹം തുടക്കം കുറിയ്ക്കും.

*****************

## HM-INTERVIEW (INTRO)

130-ാം ഭരണഘടനാ ഭേദഗതി ബില്ലിനെതിരായ പ്രതിഷേധങ്ങൾക്ക് പ്രതിപക്ഷ പാർട്ടികളെ വിമർശിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. പ്രതിപക്ഷ പാർട്ടികളിലെ നേതാക്കൾ ജയിലിലടയ്ക്കപ്പെട്ടാലും സർക്കാർ രൂപീകരിക്കാൻ ശ്രമിക്കും എന്നതാണ് പ്രതിഷേധങ്ങളിൽ നിന്ന് മനസ്സിലാകുന്നതെന്ന് ഒരു സ്വകാര്യ വാർത്താ ഏജൻസിക്ക് നൽകിയ അഭിമുഖത്തിൽ ശ്രീ ഷാ ആരോപിച്ചു. ബില്ലിനെതിരെ പ്രതിപക്ഷ പാർട്ടികൾ നടത്തിയ പ്രതിഷേധം ജനാധിപത്യവിരുദ്ധമാണ് .പ്രധാനമന്ത്രിയുടെ ഓഫീസിനെ ഈ ബില്ലിന് കീഴിൽ കൊണ്ടുവരണമെന്ന് വാദിച്ചത് ശ്രീ നരേന്ദ്ര മോദി തന്നെയാണെന്നും അദ്ദേഹം വ്യക്തമാക്കി

( ഹോൾഡ് വോയിസ് )

. കുറഞ്ഞത് അഞ്ച് വർഷം തടവ് ശിക്ഷ ലഭിക്കാവുന്ന കുറ്റങ്ങൾക്ക് അറസ്റ്റ് ചെയ്യുകയും, തുടർച്ചയായി 30 ദിവസം തടങ്കലിൽ വയ്ക്കുകയും ചെയ്താൽ ഒരു തിരഞ്ഞെടുക്കപ്പെട്ട നേതാവിന് സ്വയമേവ അവരുടെ സ്ഥാനം നഷ്ടപ്പെടുന്നതാണ് 130-ാം ഭേദഗതി ബിൽ. ബില്ലിൽ സംയുക്ത പാർലമെന്ററി കമ്മിറ്റിയെ പ്രതിപക്ഷം ബഹിഷ്കരിച്ചെങ്കിലും ജെപിസി പ്രവർത്തനം തുടരുമെന്നും ശ്രീ അമിത് ഷാ പറഞ്ഞു

*****************

## VP - ELECTION

ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിൽ നാമനിർദേശപത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. മഹാരാഷ്ട്ര ഗവർണർ സി.പി.രാധാകൃഷ്ണൻ എൻ ഡി എ സ്ഥാനാർത്ഥിയായും, സുപ്രീം കോടതി മുൻ ജഡ്ജി ബി സുദർശൻ റെഡ്ഡി I.N.D.I.A സ്ഥാനാർത്ഥിയായും മത്സരിക്കും. അടുത്ത മാസം 9 നാണ് വോട്ടെടുപ്പും വോട്ടെണ്ണലും.

******************

## REV. LUCKNOW- SHUBANSHU WELCOME

ഇന്ത്യൻ ബഹിരാകാശ സംഘത്തിന്റെ ക്യാപ്റ്റൻ ശുഭാൻഷു ശുക്ലയ്ക്ക് ജന്മനാടായ ലഖ്നൗവിൽ സ്വീകരണം നൽകി. വിമാനത്താവളത്തിൽ ഉപമുഖ്യമന്ത്രി ബ്രജേഷ് പഥക്കും, മേയർ സുഷമ ഖാർക്വാളും അദ്ദേഹത്തെ സ്വീകരിച്ചു. ശുഭാൻഷു ശുക്ല പഠിച്ച സ്കൂളിൽ അനുമോദന ചടങ്ങും സംഘടിപ്പിച്ചു. വൈകുന്നേരം ഉത്തർപ്രദേശിലെ ശാസ്ത്ര സാങ്കേതിക വകുപ്പ് സംഘടിപ്പിക്കുന്ന പരിപാടിയിൽ മുഖ്യമന്ത്രി യോഗി ആദിത്യനാഥ് , ശുഭാൻഷു ശുക്ലയെ ആദരിക്കും.

******************

## MOS

കേന്ദ്രസഹമന്ത്രിമാരായ എൽ മുരുഗനും ജോർജ് കുര്യനും ഇന്ന് കേരളത്തിൽ. കൊച്ചിയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കുന്ന ശ്രീ എൽ മുരുഗൻ വൈകിട്ട് ഡൽഹിയിലേക്ക് മടങ്ങും. കൊച്ചി മറൈൻ ഡ്രൈവിൽ നാളെ ആരംഭിക്കുന്ന ലോക് സംവർധൻ പർവ് പരിപാടിയുടെ മുന്നൊരുക്കങ്ങൾ ശ്രീ ജോർജ് കുര്യൻ അവലോകനം ചെയ്യും.

******************

## Amoebic

സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ കർശന ജാഗ്രത തുടർന്ന് ആരോഗ്യവകുപ്പ്. ചികിൽസയിലുള്ള രോഗികളുടെ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി. ജലസ്രോതസ്സുകൾ കേന്ദ്രീകരിച്ച് ക്ലോറിനേഷൻ പ്രവർത്തനങ്ങളും ശക്തമാക്കി. നിലവിൽ ഇവരുടെ രോഗ ഉറവിടം

വ്യക്തമായിട്ടില്ല. വയനാട് സ്വദേശിയായ യുവാവിന് കൂടെ രോഗം സ്ഥിരീകരിച്ചതോടെ കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിൽസയിലുള്ളവരുടെ എണ്ണം എട്ടായി.

******************

## CM SUPPLYCO ONAM

കേരളത്തിൽ, സപ്ലൈകോ ഓണം ഫെയറിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും. വൈകിട്ട് നാലിന് തിരുവനന്തപുരം കിഴക്കേകോട്ടയിലെ ഇ.കെ.നായനാർ പാർക്കിലാണു പരിപാടി. ഓണത്തിനായി രണ്ടര ലക്ഷത്തോളം ക്വിന്റൽ ഭക്ഷ്യധാന്യങ്ങൾ സപ്ലൈകോ സംഭരിച്ചിട്ടുണ്ട്. സബ്സിഡി അരിയ്ക്കു പുറമേ ഓണക്കാലത്ത് കാർഡൊന്നിന്, 20 കിലോ പച്ചരിയോ പുഴുക്കലരിയോ 25 രൂപ നിരക്കിൽ പ്രത്യേകമായി ലഭ്യമാക്കും.

******************

## Free Onam kit distribution

സംസ്ഥാന സർക്കാർ അന്ത്യോദയ അന്ന യോജന റേഷൻ കാർഡ് ഉടമകൾക്കും ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും നൽകുന്ന സൗജന്യ ഓണക്കിറ്റിൻറെ സംസ്ഥാനതല വിതരണോദ്ഘാടനം മന്ത്രി ജി.ആർ.അനിൽ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. പഞ്ചസാര, വെളിച്ചെണ്ണ, തുവര പരിപ്പ്, ചെറുപയർ, വൻ പയർ, പായസം മിക്സ് തുടങ്ങിയ 14 ഇനം അവശ്യ വസ്തുക്കൾ അടങ്ങിയ ഓണക്കിറ്റാണ് വിതരണം ചെയ്യുന്നത്.

******************

## ATHAM

ഓണത്തിൻറെ വരവറിയിച്ച് നാളെ അത്തം.

തൃപ്പൂണിത്തുറയിൽ നാളെ അത്തച്ചമയ ഘോഷയാത്ര നടക്കും. അതേസമയം, ഓണത്തിന് കേരളത്തിലേക്ക് പൂക്കൾ എത്തിക്കാൻ അയൽ സംസ്ഥാനങ്ങളിലെ പൂപ്പാടങ്ങൾ ഒരുങ്ങി.

******************

## EYE DONATION (INTRO)

ദേശീയ നേത്രദാന പക്ഷാചരണത്തിന് ഇന്ന് തുടക്കം. മരണാനന്തരം കണ്ണുകൾ ദാനം ചെയ്യാൻ ആളുകളെ

പ്രോത്സാഹിപ്പിക്കാനും, അതിന്റെ പ്രാധാന്യം ജനങ്ങളിൽ എത്തിക്കാനും, തെറ്റിദ്ധാരണകൾ മാറ്റാനും ലക്ഷ്യമിട്ടാണ്പക്ഷാചരണം സംഘടിപ്പിക്കുന്നത്. എല്ലാവർഷവും ഓഗസ്റ്റ് 25 മുതൽ സെപ്റ്റംബർ എട്ട് വരെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. രേഖാമൂലമുള്ള സമ്മതപത്രം ഇല്ലെങ്കിൽ പോലും ബന്ധുക്കൾ സന്നദ്ധത അറിയിച്ചാൽ നേത്രദാനം നടത്താനാകും. കൂടാതെ സമ്മത പത്രം മുൻകൂട്ടി നല്കിയിട്ടുണ്ടെങ്കിലും മരണശേഷം അവയവദാനം നടത്തണമെങ്കിൽ ബന്ധുക്കളുടെ സമ്മതം കൂടി ആവശ്യമാണെന്ന് കേരള സ്റ്റേറ്റ് ഓർഗൻ ആൻറ് ടിഷ്യു ട്രാൻസ് പ്ലാൻറ് ഓർഗനൈസേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. നോബിൾ ഗ്രേഷ്യസ് ആകാശവാണി വാർത്തകളോട് പറഞ്ഞു. (വോയിസ്)

******************

## IMD

ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ മേഖലകളിൽ അടുത്ത രണ്ട് ദിവസത്തേക്ക് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ കേന്ദ്രം . ഗുജറാത്ത്, ഒഡീഷ, രാജസ്ഥാൻ, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിലെ ഒറ്റപ്പെട്ടയിടങ്ങളിലാണ് നാളെ വരെ കനത്ത മഴ പ്രതീക്ഷിക്കുന്നത്. കേരളത്തിലും വ്യാപക മഴയ്ക്ക് സാധ്യത നാളെ എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ മുതൽ ഈ മാസം 28 വരെ കേരള, കർണാടക ,ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

******************

## EVE BIHAR FLASH FLOOD

ബിഹാറിൽ നദികളിൽ ജലനിരപ്പ് കുറഞ്ഞതിനെ തുടർന്ന് വിവിധ പ്രദേശങ്ങളിലുണ്ടായ വെള്ളപ്പൊക്കത്തിന് നേരിയ ശമനം. നളന്ദ, ജെഹനാബാദ് ജില്ലകളിലെ സ്ഥിതി മെച്ചപ്പെട്ടു. ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടരുകയാണ്. അതേസമയം, നദീതീരങ്ങളിൽ താമസിച്ചിരുന്നവർ വീടുകളിലേക്ക് മടങ്ങരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

******************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിന്റെ 125-ാാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം.

******************

## INDIAN AMBASSADOR

ഏറ്റവും മികച്ച കരാർ ലഭിക്കുന്ന ഇടത്തു നിന്ന് ഇന്ത്യ എണ്ണ വാങ്ങുന്നത് തുടരുമെന്ന് റഷ്യയിലെ ഇന്ത്യൻ അംബാസഡർ വിനയ് കുമാർ .ദേശീയ താൽപ്പര്യം സംരക്ഷിക്കുന്നതിന് മുൻഗണന നൽകുമെന്നും റഷ്യയുമായും മറ്റ് രാജ്യങ്ങളുമായും ഉള്ള സഹകരണം ആഗോള എണ്ണ വിപണിയിൽ സ്ഥിരതയ്ക്ക് കാരണമായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. റഷ്യയിൽ നിന്ന് എണ്ണ വാങ്ങിയതിനാൽ ഇന്ത്യയുടെ ഇറക്കുമതിക്ക് തീരുവ വർദ്ധിപ്പിക്കാനുള്ള യു.എസ് തീരുമാനം യുക്തിരഹിതവും, നീതീകരിക്കാൻ ആവാത്തതുമാണെന്ന് റഷ്യൻ വാർത്താ ഏജൻസിക്ക് നൽകിയ അഭിമുഖത്തിൽ വിനയ് കുമാർ പറഞ്ഞു.

******************

## STOCK/GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം.ബോംബെ ഓഹരി സൂചിക സെൻസെക്സ് 363 പോയിന്റ് ഉയർന്ന് 81,670 ലും ,ദേശീയ ഓഹരി സൂചിക നിഫ്റ്റി 110 പോയിന്റ് നേട്ടത്തിൽ 24,980 ലും വ്യാപാരം തുടരുന്നു.

******************

***********

*****